## കേരള സർക്കാർ

നമ്പർ. 53131/ആർ.ഡി.3/12/ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി: 19.03.2013

## സർക്കുലർ

സർ,

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - അട്ടപ്പാടി മേഖലയിലെ കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-
1. 16-08-2012-ലെ പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ സി3-13951/12(3) നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 07-01-2013-ലെ ബി2-28815/12 നമ്പർ കത്ത്.

അട്ടപ്പാടി മേഖലയിലെ ചില ആദിവാസികൾ പ്രസവ സംബന്ധമായ ചികിത്സയ്ക്കായി തൊട്ടടുത്ത് തമിഴ്നാട്ടിലുള്ള ആശുപത്രികളെ ആശ്രയിക്കുകയും ഈ ആശുപത്രികളിൽ നിന്ന് നിശ്ചിത രീതിയിലുള്ള സർട്ടിഫിക്കറ്റ് ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇവരുടെ കുട്ടികളുടെ ജനനം യഥാസമയം രജിസ്റ്റർ ചെയ്യപ്പെടാതിരിക്കുകയും കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ജനന സർട്ടിഫിക്കറ്റ് ലഭിക്കാതിരിക്കുകയും ചെയ്യുന്നു എന്ന കാര്യം പഞ്ചായത്ത് ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റിലെ ജനനവും മരണവും രജിസ്റ്ററിൽ ചേർക്കുന്നതും രജിസ്റ്ററാക്കുന്നതും സംബന്ധിച്ച 7 (2)-ാം വകുപ്പിൽ ഇത് സംബന്ധിച്ച് ഒരു രജിസ്ട്രാർ കൈക്കൊള്ളേണ്ട നടപടികൾ രണ്ട് പാദമായാണ് പറയുന്നത്. ആദ്യ പാദത്തിൽ ടി ആക്റ്റിലെ 8, 9 വകുപ്പുകൾ പ്രകാരം ലഭിക്കുന്ന വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുക എന്നതും, രണ്ടാം പാദത്തിൽ രജിസ്ട്രാറുടെ സ്വന്തം അധികാര പരിധിയിൽ വരുന്ന ജനന-മരണങ്ങൾ സ്വയമേവ രജിസ്റ്ററിൽ ചേർക്കുക എന്നതുമാണ്. ആയതിനാൽ ജനനം/മരണം നടന്ന സ്ഥലത്ത് ടി ആക്റ്റ് പ്രകാരം പ്രസ്തുത ജനനം/മരണം മുമ്പ് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ടി ആക്റ്റിലെ 8, 9 വകുപ്പുകൾ പ്രകാരം ജനന മരണ രജിസ്ട്രാറുടെ അധികാര പരിധിക്കു പുറത്തുള്ള പ്രദേശത്തു നിന്നും ലഭിക്കുന്ന വിവരങ്ങൾ ചേർത്ത് ജനനം/മരണം രജിസ്റ്റർ ചെയ്യാവുന്നതാണ്. ആയതിനാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 05-09-2011-ലെ WA No.1201/2008-മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ടിലെ 8, 9 വകുപ്പുകൾ പ്രകാരം ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇതേ ആക്റ്റിലെ 7 (2)-ാം വകുപ്പ് അനുസരിച്ച് തമിഴ്നാട്ടിലെ ആശുപത്രികളിൽ പ്രസവിച്ച് അവിടെ ജനനം രജിസ്റ്റർ ചെയ്യപ്പെടാത്ത അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യാവുന്നതാണ്.

ആയതിനാൽ പ്രത്യേക പരിഗണന അർഹിക്കുന്ന സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെടുന്ന അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ കുട്ടികളുടെ തമിഴ്നാട്ടിലെ ആശുപത്രികളിൽ വച്ച് നടന്ന ജനനം, പ്രസ്തുത ജനനം നടന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടില്ലെങ്കിൽ, ടി ആക്ടിലെ 8, 9 വകുപ്പുകൾ പ്രകാരം ലഭിക്കുന്ന വിവരങ്ങൾ, മാതാപിതാക്കളുടെ സത്യവാങ്മൂലത്തിന്റേയും ട്രൈബൽ

എക്സ്റ്റൻഷൻ ഓഫീസറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ അവർ താമസിക്കുന്ന രജിസ്ട്രേഷൻ യൂണിറ്റിൽ തന്നെ ജനനം രജിസ്റ്റർ ചെയ്യാവുന്നതാണ് എന്ന് ഇതിനാൽ വ്യക്തമാക്കുന്നു..

**വി. എസ്. സെന്തിൽ**
(പ്രിൻസിപ്പൽ സെക്രട്ടറി)

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ നഗരസഭകളിലേയും ഗ്രാമപഞ്ചായത്തുകളിലേയും പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (വകുപ്പുതലവന്മാർ മുഖേന).
4. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
5. എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
6. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,.
7. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ